**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1337** **30-08-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ എസ്.എസ്.എൽ.സി. പാസ്സായവരുടെ ഉപരിപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2022 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് എത്ര പേരാണ് ഉപരിപഠനത്തിന് അർഹത നേടിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | (എ)77691. |
| (ബി) | പ്ലസ് വൺ കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിലേക്കായി മലപ്പുറം ജില്ലയിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; | (ബി) | **(ബി) 80100.** |
| (സി) | അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് മലപ്പുറം ജില്ലയിൽ തന്നെ അവസരം ഒരുക്കിയിട്ടുണ്ടോ; | (സി) | **(സി) അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് മലപ്പുറം ജില്ലയിൽ തന്നെ<br><br>അവസരം ഒരുക്കിയിട്ടുണ്ട്.** |
| (ഡി) | മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് അവസരം ഒരുക്കുന്നതിനായി അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നതിനോ, ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തുന്നതിനോ ഉദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | (ഡി) **മലപ്പുറം ജില്ലയിലെ എല്ലാ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അത് പോലെ തന്നെ പ്രസ്തുത ജില്ലയിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021-22 അധ്യയനവർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളുംഅതേപടി ഈ വർഷവും തുടരുന്നതുകൊണ്ടുതന്നെ ഉപരിപഠനത്തിനു യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമാകുന്നതാണ്.** |

സെക്ഷൻ ഓഫീസർ